# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1669 | | 06.03.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **എയർപോർട്ടുകൾക്ക് സമീപം പക്ഷിശല്യം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.പി.കെ.അബ്ദു റബ്ബ്** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | എയർപോർട്ടുകൾക്ക് സമീപം മാലിന്യം നിക്ഷേപിക്കുന്നതുമൂലമുള്ള പക്ഷിശല്യം ഇല്ലാതാക്കാൻ എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ കുറച്ചു ഭാഗം അങ്കമാലി നഗരസഭാ പരിധിയിലാണ് സ്ഥിതിചെയ്യുന്നത്. തിരുവനന്തപുരം വിമാനത്താവളം തിരുവനന്തപുരം നഗരസഭാ പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്.<br>വിമാനത്താവളത്തിനോടനുബന്ധിച്ച് വരുന്ന നഗരസഭാ പ്രദേശങ്ങളിലെ മാലിന്യം സമയാസമയങ്ങളിൽ നീക്കം ചെയ്തു വരുന്നതായി അങ്കമാലി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>തിരുവനന്തപുരം എയർപോർട്ടിന് ചുറ്റുമുള്ള മാലിന്യ നിക്ഷേപം ഇല്ലാതാക്കുന്നതിലേയ്ക്ക് എയർപോർട്ട് അതോറിറ്റിക്ക് മൂന്ന് പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ ബഹു. മേയർ തന്നെ എയർപോർട്ട് അതോറിറ്റി അധികൃതരുമായി നഗരസഭ ടെക്നിക്കൽ കമ്മിറ്റി അംഗങ്ങളുടെയും ആരോഗ്യവിഭാഗം ജീവനക്കാരുടെയും യോഗം വിളിച്ചു ചേർത്തിരുന്നു. എയർപോർട്ടിന് ചുറ്റും നിലവിലുള്ള മാലിന്യ നിക്ഷേപം നഗരസഭയുടെ നേതൃത്വത്തിൽ മാറ്റിനൽകാമെന്ന് അറിയിച്ചിരുന്നു. ടി മേഖലയിൽ പിന്നീട് വരുന്ന മാലിന്യം ശാസ്ത്രീയമായി പരിപാലിക്കുന്നതിന് നഗരസഭ പ്രോജക്ട് പ്രൊപ്പോസൽ നൽകാമെന്നും യോഗത്തിൽ അറിയിച്ചു. എയർപോർട്ട് അതോറിറ്റി ഫണ്ട് ഉപയോഗിച്ച് ടി പ്രോജക്ട് നടപ്പാക്കാമെന്ന് എയർപോർട്ട് അതോറിറ്റിയെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുത്തവർ അറിയിച്ചിരുന്നു. യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭ പ്രോജക്ട് തയ്യാറാക്കി എയർപോർട്ട് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.<br>കരിപ്പൂർ എയർപോർട്ടുമായി ബന്ധപ്പെട്ട് പള്ളിക്കൽ ഗ്രാമപഞ്ചായത്ത് കരിപ്പൂർ എയർപോർട്ടിന്റെ സമീപത്ത് മത്സ്യ മാംസ വിപണനം നിരുത്സാഹപ്പെടുത്തുന്നതിനും എയർപോർട്ട് പരിസരത്തുള്ള വ്യാപാര സ്ഥാപനങ്ങൾ മാലിന്യം പുറത്ത് നിക്ഷേപിക്കരുതെന്ന് നിർദ്ദേശിക്കുന്നതിനും തീരുമാനമെടുക്കുകയുണ്ടായി. |
| (ബി) | ഈ തീരുമാനങ്ങളിൽ ഏതൊക്കെ നടപ്പിലാക്കി; | (ബി) | തിരുവനന്തപുരം എയർപോർട്ടിന് ചുറ്റും കൂടിക്കിടന്ന 108 ലോഡ് മാലിന്യം നഗരസഭ പ്രത്യേക പരിപാടി തയ്യാറാക്കി, നഗരസഭ നേരിട്ട് 2 മാസം മുമ്പ് നീക്കം ചെയ്തിട്ടുണ്ട്.<br>തിരുവനന്തപുരം കോർപ്പറേഷൻ 3 പ്രോജക്ട് പ്രൊപ്പോസലുകൾ എയർപോർട്ട് അതോറിറ്റിക്ക് തയ്യാറാക്കി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് കരിപ്പൂർ എയർപോർട്ട് സ്ഥിതിചെയ്യുന്ന മേഖലയിൽ മത്സ്യ, മാംസ വിപണനത്തിന് ലൈസൻസ് നൽകുന്നില്ല. മറ്റ് വ്യാപാര സ്ഥാപനങ്ങൾക്ക് വേസ്റ്റ് പുറത്ത് നിക്ഷേപിക്കരുത് എന്നുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഇടയ്ക്കിടക്ക് പഞ്ചായത്ത് ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) | ഇനിയും നടപ്പിലാക്കാനുള്ള തീരുമാനങ്ങൾ ഏതൊക്കെയാണ്; അതു നടപ്പാക്കേണ്ട ഏജൻസി ഏതാണ്; | (സി) & (ഡി) | തിരുവനന്തപുരം നഗരസഭ തയ്യാറാക്കി സമർപ്പിച്ച പദ്ധതി എയർപോർട്ട് അതോറിറ്റി നടപ്പാക്കുക എന്നതാണ് ഇനി അവശേഷിക്കുന്ന പരിപാടി. ഏജൻസിയെ സംബന്ധിച്ച് എയർപോർട്ട് അതോറിറ്റിയിൽ നിന്നും തീരുമാനമൊന്നും തിരുവനന്തപുരം നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത ഏജൻസി എന്നത്തേക്ക് അതു നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ